'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി (ക്രൂസ്) - സൂര്യ ബിസിനസ് ഫോംസ് എന്ന സ്ഥാപനം മുഖേന അച്ചടി ജോലികൾ നിർവ്വഹിച്ചതിന്റെ ബിൽ തുക നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഐ.ബി.) വകുപ്പ്

സ.ഉ.(സാധാ) നം.217/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 26/01/2020

പരാമർശം:- 1 30.12.2019 തീയതിയിലെ ക്രൂസ് സെക്രട്ടറിയുടെ എ/186/2019 നമ്പർ കത്ത്.

2 04.12.2019- ലെ ക്രൂസ് ഡയറക്ടർ ബോർഡ് യോഗത്തിന്റെ 9(I)-ാം നമ്പർ തീരുമാനം.

**ഉത്തരവ്**

ക്രൂസിന്റെ കല്ലിയൂർ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ കമ്പ്യൂട്ടർ ഫാറങ്ങൾ അച്ചടിക്കുന്നതിന് 31/05/2017 മുതൽ ഒരു വർഷത്തേക്ക് തിരുവനന്തപുരത്തെ സൂര്യ ബിസിനസ് ഫോംസ് എന്ന സ്ഥാപനത്തെ ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുത്ത് കരാറിൽ ഏർപ്പെട്ട് അച്ചടി ജോലികൾ നിർവ്വഹിച്ചു വന്നിരുന്നു. ഈ സ്ഥാപനവുമായി നിലവിലുള്ള കരാറിന്റെ കാലാവധി 31/05/2018-ൽ അവസാനിച്ചതിനെ തുടർന്ന് ടെണ്ടർ ക്ഷണിക്കാതെ മുൻവർഷത്തെ നിരക്കിൽ സൂര്യ ബിസിനസ് ഫോംസുമായി നിലവിലുള്ള കരാറിന്റെ കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഡയറക്ടർ ബോർഡ് തീരുമാനത്തിന് വിധേയമായി അച്ചടി ജോലികൾ നിർവ്വഹിക്കുകയും ടി നടപടി ക്രൂസ് ഡയറക്ടർ ബോർഡ് അംഗീകരിക്കുകയും ചെയ്തു. കരാർ ദീർഘിപ്പിച്ചു നൽകിയ കാലയളവിലെ ബിൽ തുകയായ 3,90,073/- രൂപ സൂര്യ ബിസിനസ് ഫോംസിന് നൽകുന്നതിന് അനുമതി നൽകണമെന്ന് സർക്കാരിനോട് അപേക്ഷിക്കുന്നതിന് പരാമർശം (2) പ്രകാരം ക്രൂസ് ഡയറക്ടർ ബോർഡ് തീരുമാനിക്കുകയും തദനുസരണം ക്രൂസ് സെക്രട്ടറി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഓർഡറുകൾ കാലതാമസം കൂടാതെ നൽകേണ്ടതുള്ളതിനാലും പഴയ നിരക്കിൽതന്നെ അച്ചടി ജോലികൾ നിർവ്വഹിക്കാമെന്ന് സൂര്യ ബിസിനസ് ഫോംസ് സമ്മതിച്ചതിനാലുമാണ് പുതിയ ടെണ്ടർ വിളിക്കാതെ നിലവിലുള്ള കരാറിന്റെ കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകിയതെന്നും കമ്പ്യൂട്ടർ ഫോംസ് അച്ചടിക്കുന്നതിന് നിലവിൽ ടെണ്ടർ ക്ഷണിച്ച് തിരുവനന്തപുരത്തെ മാരിയോൺ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനവുമായി 23.09.2019-ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്നും ക്രൂസ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്രൂസ് സെക്രട്ടറിയുടെ പരാമർശ

കത്തിൽ വിവരിച്ചിട്ടുള്ള സാഹചര്യങ്ങൾ പരിഗണിച്ച് സൂര്യ ബിസിനസ് ഫോംസിന് കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയ കാലയളവിലെ ബിൽ തുകയായ 3,90,073/- രൂപ (മൂന്ന് ലക്ഷത്തി തൊണ്ണൂറായിരത്തി എഴുപത്തി മൂന്ന് രൂപ മാത്രം)നൽകുന്നതിന്, ബിൽ തുക 31/05/2017-ൽ കരാർ നൽകുമ്പോൾ അനുവദിച്ച നിരക്കിൽ അധികരിക്കരുത് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ./ജി. & എസ്.എസ്.എ.), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.